പത്രക്കുറിപ്പ്
14/11/2018

# പുതുതലമുറയ്ക്ക് വായിച്ചുവളരാൻ സംസ്ഥാനമൊട്ടുക്കും 212 കുടുംബശ്രീ ബാല ലൈബ്രറികൾ; വഴികാട്ടാൻ മുപ്പതിനായിരത്തിലേറെ പുസ്തകങ്ങൾ

---

തിരുവനന്തപുരം: അഞ്ച് മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളിലെ നൈസർഗ്ഗികമായ വാസനകൾ പരിപോഷിപ്പിക്കുവാൻ ലക്ഷ്യമിട്ട് കുടുംബശ്രീ രൂപീകരിച്ചിരിക്കുന്ന ബാലസഭക ളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ ബാല ലൈബ്രറി രൂപീകരണം മികച്ച രീതിയിൽ പുരോഗമിക്കുന്നു. 14 ജില്ലകളിലായി ഇതുവരെ 212 ബാല ലൈബ്രറികൾ രൂപീകരിച്ചു കഴി ഞ്ഞു. 31177 പുസ്തകങ്ങളാണ് ഈ ഗ്രന്ഥശാലകളിലുള്ളത്. എല്ലാ കുട്ടികൾക്കും വന്നു ചേരാ ൻ സാധിക്കുന്ന ബാലസഭാ അംഗത്തിന്റെ വീട്ടിലോ, വാടക കൂടാതെയോ പ്രാദേശികമായി വാടക കണ്ടെത്തി പ്രവർത്തിപ്പിക്കാവുന്ന തരത്തിലോ ലഭ്യമാകുന്ന മുറികളിലോ, അംഗൻ വാടി, ജനസേവാ കേന്ദ്രം, കൃഷി ഭവൻ, ആരോഗ്യ ഉപകേന്ദ്രങ്ങൾ തുടങ്ങിയ പൊതു ഇടങ്ങളി ലോ ആണ് ബാല ലൈബ്രറികൾ പ്രവർത്തിക്കുന്നത്.

ഒരു ജില്ലാ മിഷന് കീഴിൽ കുറഞ്ഞത് മൂന്ന് ബാല ലൈബ്രറികൾ രൂപീകരിക്കാനാണ് നിർ ദ്ദേശം നൽകിയിരുന്നതെങ്കിലും പല ജില്ലകളിലും അതിൽ കൂടുതൽ ലൈബ്രറികൾ പ്രവർ ത്തനം തുടങ്ങിയിട്ടുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ബാല ലൈബ്രറികളുള്ള ത്. 137 എണ്ണം. മലപ്പുറം ജില്ലയിൽ 16, എറണാകുളം ജില്ലയിൽ 13, കോഴിക്കോട് പത്ത്, കോട്ട യം ജില്ലയിൽ അഞ്ച്, വയനാട് ജില്ലയിൽ നാല്, ഇടുക്കിയിലും കാസർഗോഡും മൂന്ന് വീതം ബാല ലൈബ്രറികളും ഈ വർഷം പുതുതായി പ്രവർത്തിച്ചുവരുന്നു.

## ബാലസഭകൾ

കുടുംബശ്രീ അയൽക്കൂട്ട യോഗത്തിനെത്തുന്ന അമ്മമാർക്കൊപ്പം വരുന്ന കുട്ടികളെ ഉൾപ്പെടു ത്തിയുള്ള ഒരു കൂട്ടായ്മ എന്ന രീതിയിലാണ് ബാലസഭകൾ രൂപീകരിച്ച് തുടങ്ങുന്നത്. ഒരു ബാലസഭയിൽ 15 മുതൽ 30 വരെ കുട്ടികൾക്ക് അംഗമാകാം. അയൽക്കൂട്ടം (എൻഎച്ച്ജി), വാർഡ് തലത്തിൽ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി (എഡിഎസ്), പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി (സിഡിഎസ്) എന്നിങ്ങനെയുള്ള മൂന്ന് തലങ്ങളാണ് ബാലസ ഭയ്ക്കുമുള്ളത്. ബാലസഭയാണ് ഏറ്റവും താഴെ തലം, ഒരു വാർഡിലെ എല്ലാ ബാല സഭകളിലെയും ഭാരവാഹികൾ ഉൾപ്പെടുന്നതാണ് ബാല സമിതി. പഞ്ചായത്തിന് കീഴിലുള്ള ബാല സമിതികളിൽ നിന്നുള്ള പ്രതിനിധികളായെത്തുന്ന കുട്ടികളുടെ സംഘമാണ് ബാല പഞ്ചായത്ത്. ഇപ്പോൾ കേരളത്തിലെ 1065 സിഡിഎസുകളിലായി 32878 ബാലസഭകളാണുള്ള ത്. 430908 കുട്ടികൾ ബാലസഭകളിൽ അംഗങ്ങളാണ്. എല്ലാ ആഴ്ചയും ബാലസഭകൾ ചേരു ന്നു. കുടുംബശ്രീ പ്രവർത്തകരായ റിസോഴ്സ് പേഴ്സൺമാരാണ് ഓരോ ബ്ലോക്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ബാലസഭാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്

അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ പാരിസ്ഥിതിക, സാമ്പത്തിക, സാംസ്ക്കാരിക വിഷ യങ്ങളുടെ പഠനം എന്ന ലക്ഷ്യം മുൻനിർത്തിയാണ് ബാലസഭകൾ പ്രവർത്തിക്കുന്നത്. കുട്ടിക ളിലെ സർവ്വതോന്മുഖമായ വികാസത്തിന് വേണ്ടി നിരവധി പ്രവർത്തനങ്ങളാണ് ജില്ലകൾ

തോറും ബാലസഭകളിൽ നടത്തി വരുന്നത്. കലാ സാംസ്ക്കാരിക ക്യാമ്പുകളും നാടിനെയും ചരിത്രത്തെയും അറിയാനുള്ള പഠനങ്ങളും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടും.

ഇതിൽ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നാണ് ബാല ലൈബ്രറി രൂപീകരണം. കുട്ടികളിലെ വായനാശീലം വർദ്ധിപ്പിക്കുകയും അതുവഴി അവരിലെ മാനസിക വികാസം ത്വരിതപ്പെടുത്തുകയും ചെയ്യുന്നതിനാണ് ബാല ലൈബ്രറികൾ എന്ന ആശയം കുടുംബശ്രീ നടപ്പിലാക്കി വരുന്നത്. സിഡിഎസിൽ രജിസ്ട്രർ ചെയ്യുന്ന ഒരു ബാല ലൈബ്രറിയിൽ കുറഞ്ഞത് മുന്നൂറ് പുസ്തകങ്ങളുണ്ട്. പുസ്തകയാത്ര എന്ന പേരിൽ കുടുംബശ്രീ പ്രവർത്തകർ, ബാലസഭാംഗങ്ങൾ, വാർഡ് മെമ്പർമാർ എന്നിവർ ചേർന്ന് വിവിധ പ്രദേശങ്ങളിലേക്കെത്തി ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്ന രീതിയാണ് പിന്തുടരുന്നത്. ലൈബ്രറിയിലേക്ക് ആവശ്യമുള്ള അലമാര, കസേരകൾ എന്നിവ പ്രാദേശികമായും സ്പോൺസർഷിപ്പിലൂടെയുമാണ് കണ്ടെത്തുന്നത്. പുസ്തകങ്ങൾ വാങ്ങുന്നതുൾപ്പെടെ ബാല ലൈബ്രറി സജ്ജീകരിക്കുന്നതിനായി കുടുംബശ്രീ ധനസഹായവും നൽകും.

മൂന്ന് ബാലസഭ അംഗങ്ങൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി), എഡിഎസ് പ്രതിനിധി, വാർഡ് മെമ്പർ, സിഡിഎസ് ചെയർപേഴ്സൺ അല്ലെങ്കിൽ സിഡിഎസ് അംഗം, ബാലസഭ റിസോഴ്സ് പേഴ്സൺമാർ എന്നിവരുൾപ്പെടുന്ന ബാല ലൈബ്രറി കമ്മിറ്റിയാണ് ബാല ലൈബ്രറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. കുടുംബശ്രീ അംഗമാണ് ലൈബ്രേറിയനായി പ്രവർത്തിക്കുന്നത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**